നിയമപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പഠിക്കുന്നതിനായുള്ള ക്യാബിനറ്റ് സബ്കമ്മിറ്റി

227 (677) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമപരിഷ്കരണത്തിന് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ നിയമപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പഠിക്കുവാനായി ക്യാബിനറ്റ് സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടനയും അതിലെ അംഗങ്ങൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഈ കമ്മിറ്റി എന്നെല്ലാം യോഗംകൂടി റിപ്പോർട്ടിലെ വിശദാംശങ്ങൾ പരിശോധിച്ചുവെന്നറിയിക്കുമോ ;

(ഡി) ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചുവോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ;

(ജി) ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-3-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 62/2010 നിയമം എന്ന നമ്പരിലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 7 അംഗങ്ങൾ അടങ്ങിയ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതായത് :

1. ശ്രീ. എം. വിജയകുമാർ-കൺവീനർ നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനകാര്യവും തുറമുഖവും വകുപ്പുമന്ത്രി
2. ശ്രീ കോടിയേരി ബാലകൃഷ്ണൻ-മെമ്പർ ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
3. ശ്രീ സി. ദിവാകരൻ - മെമ്പർ ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി
4. ശ്രീ. പി. ജെ. ജോസഫ് - മെമ്പർ പൊതുമരാമത്ത് വകുപ്പുമന്ത്രി
5. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ - മെമ്പർ ജലവിഭവ വകുപ്പുമന്ത്രി
6. ശ്രീ. ജോസ് തെറ്റയിൽ - മെമ്പർ റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി - മെമ്പർ ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(സി) 2-9-2010, 3-11-2010 എന്നീ തീയതികളിൽ ക്യാബിനറ്റ് സബ്കമ്മിറ്റി യോഗം ചേരുകയും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

(ഡി) സമർപ്പിച്ചു.

(ഇ) റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(എഫ്&ജി) ബാധകമല്ല.

നോട്ടറി നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

228 (678) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ നോട്ടറിമാരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നോട്ടറിയായി നിയമിക്കപ്പെടുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 69 പുതിയ നോട്ടറിമാരെ നിയമിച്ചിട്ടുണ്ട്.

(ബി) നോട്ടറീസ് നിയമം, 1952, നോട്ടറീസ് ചട്ടങ്ങൾ, 1956 എന്നിവയിൽ പ്രദിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് നോട്ടറിമാരെ നിയമിക്കുന്നത്.

സ്പോർട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

229 (679) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്പോർട്സ് കമ്മീഷൻ സർക്കാരിനുനൽകിയ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly